പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 5684 03.11.2016-ൽ മറുപടിയ്ക്ക്

അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂൾ

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ശബരിമല വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ അട്ടത്തോടിൽ ആരംഭിച്ച സർക്കാർ സ്കൂളിൽ ഇപ്പോൾ എത്ര ക്ലാസ്സ് വരെയാണുള്ളത്; എത്ര കുട്ടികളാണ് ഇപ്പോൾ ഇവിടെ പഠിക്കുന്നത്; | എ) | അട്ടത്തോടിൽ നാലാം ക്ലാസ് വരെ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളിൽ 54 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആയതിൽ 49 വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. |
| ബി) | പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുവരെയായി എന്നു വിശദമാക്കുമോ; ആരുടെ ഉടമസ്ഥതയിൽ ഉള്ള എത്ര അളവ് സ്ഥലമാണ് സ്കൂളിനായി ലഭിക്കുക; സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ | ബി) | വനം വകുപ്പിന്റെ അധീനതയിലുള്ള ഒരു ഏക്കർ 23 സെന്റ് വനഭൂമി സ്കൂളിന്റെ ആവശ്യത്തിലേക്കായി വനാവകാശ നിയമപ്രകാരം വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സ്കൂളിൽ നിന്നും ഉപരിപഠനത്തിനായി കുട്ടികൾക്ക് ദൂരെ സ്ഥലങ്ങളിലേക്ക് പോകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളിന് ഹൈസ്കൂൾ അനുവദിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ;വിശദമാക്കുമോ; | സി) | ഉണ്ട്. നിലവിൽ എൽ.പി.ഡിവിഷൻ പ്രവർത്തിക്കുന്ന അട്ടത്തോട് സ്കൂളിൽ ഹൈസ്കൂൾ ഡിവിഷൻ അനുവദിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| ഡി) | സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തത സ്കൂളിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ഡി) | ഉണ്ട്. അട്ടത്തോടിൽ ആരംഭിച്ച സ്കൂൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അധീനതിയിലാണ്. നിലവിൽ കെട്ടിടനിർമ്മാണത്തിനും മറ്റുമായി സ്ഥലം പൊതു വിദ്യാഭ്യാസ വകുപ്പിന് വിട്ട് നൽകിയ സാഹചര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ